## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 621

12-06-2012 - ൽ മറുപടിക്ക്

### ജനസേവനകേന്ദ്രങ്ങളും അക്ഷയകേന്ദ്രങ്ങളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ജനസേവനകേന്ദ്രങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതു സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (എ) ഐ.ടി വകുപ്പിനു കീഴിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രം 2000-ത്തിൽ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. ലാന്റ് റവന്യൂ, സിവിൽ സപ്ലൈസ്, മോട്ടോർ വെഹിക്കിൾസ്, കേരളവാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ലോക്കൽ ബോഡീസ്, യൂണിവേഴ്സിറ്റികൾ എന്നീ ഏഴ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ ടെലിഫോൺബിൽ, പാസ്പോർട്ട് അപേക്ഷകൾ, എയർലൈൻ, കെ.എസ്.ആർ.ടി.സി. ബസ്/ ഹോട്ടൽ റിസർവേഷൻ തുടങ്ങിയ സേവനങ്ങൾ ആഴ്ചയിൽ ഏഴു ദിവസവും രാവിലെ 9 മണി മുതൽ രാത്രി 8 മണി വരെ രണ്ട് ഷിഫ്റ്റുകളിലായി മേൽപ്പറഞ്ഞ വകുപ്പ്/ഏജൻസികളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ നിയമിച്ച് സേവനം നൽകുന്നു. 2001ഓടു കൂടി മറ്റു 13 ജില്ലകളിലും ഫ്രണ്ട്സ് ജനസേവനകേന്ദ്രം പ്രവർത്തനം ആരംഭിച്ചു. ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിലൂടെ പൊതുജനങ്ങൾക്ക് സർക്കാരിന്റെ എല്ലാ നികുതികളും, ബില്ലുകളും അധികചെലവുകളില്ലാതെ ഒരേ കുരക്കുകീഴിൽ അടയ്ക്കുവാൻ കഴിയും. ക്യൂ ആവശ്യമില്ലാത്ത ഒരു ഏകജാലക സംവിധാനമാണ് ഫ്രണ്ട്സ്.<br>ശരാശരി മൂവായിരം കുടുംബങ്ങൾക്ക് ഒരു അക്ഷയ കേന്ദ്രം എന്ന രൂപത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ രണ്ടും മുനിസിപ്പാലിറ്റികളിൽ 5 മുതൽ 6 വരെ സെന്ററുകളും കോർപ്പറേഷനിൽ 8 മുതൽ 10 വരെ സെന്ററുകളും അനുവദിച്ചിട്ടുണ്ട്. മൾട്ടിമീഡിയ സൗകര്യമുള്ള 5 കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ, വെബ് ക്യാം, ഇന്റർനെറ്റ്, ടെലിഫോൺ തുടങ്ങിയ സംവിധാനങ്ങളും ചുരുങ്ങിയത് 400 ചതുരശ്ര അടി സ്ഥലവും ഒരു അക്ഷയകേന്ദ്രത്തിന് നിർബന്ധമായി ഉണ്ടായിരിക്കണം. |
| (ബി) നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം അനുവദിക്കണമെന്നുള്ളത് ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) യും (സി) യും<br>ഐ.ടി വകുപ്പിനു കീഴിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രം ഒരു ജില്ലയിൽ ഒന്നുവീതം സംസ്ഥാനത്തെ 14 ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. 30-04-2005-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 19/5/ITD |

പ്രകാരം കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട, കൊല്ലം തുടങ്ങിയ 7 ജില്ലകളിലും 1321 ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രം അനുവദിച്ചു. 29-03-2004-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 69/04/ITD പ്രകാരം മലപ്പുറം ജില്ല ഒഴികെയുള്ള ബാക്കി 13 ജില്ലകളിലും കൂടി 6957 അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ച് ഉത്തരവായി. കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, കണ്ണൂർ, ഇടക്കാട്, ഇരിട്ടി, പേരാവൂർ, കൂത്തുപ്പറമ്പ്, തലശ്ശേരി, തലശ്ശേരി മുനിസിപ്പാലിറ്റി, തളിപ്പറമ്പ് മുനിസിപ്പാലിറ്റി, കണ്ണൂർ മുനിസിപ്പാലിറ്റി, കൂത്തുപ്പറമ്പ് മുനിസിപ്പാലിറ്റി, മട്ടന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ട്.

27-08-2005-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 23/05/ITD പ്രകാരം കണ്ണൂർ ജില്ലയിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ 8 ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രം അനുവദിച്ചു ഉത്തരവായി.

(സി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാം ജന സേവനകേന്ദ്രങ്ങളും, അക്ഷയ കേന്ദ്രങ്ങളും സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

ഇതുകൂടാതെ 12-11-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 3961/2004/ത.സ്വ.ഭ.വ. പ്രകാരവും 31-03-2005-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 1288/2005/ത.സ്വ.ഭ.വ. പ്രകാരവും ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ കേരളത്തിലെ എല്ലാ നഗരസഭകളിലും ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരും. കണ്ണൂർ ജില്ലയിലെ കണ്ണൂർ, തലശ്ശേരി, മട്ടന്നൂർ, പയ്യന്നൂർ, കൂത്തുപ്പറമ്പ്, തളിപ്പറമ്പ് എന്നീ ആറ് നഗരസഭകളിൽ ഇൻഫർമേഷൻ കേരള മിഷന്റെ ആഭിമുഖ്യത്തിൽ ജനസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുവാൻ തയ്യാറാകുമോയെന്നും അതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമികമായി എന്തെല്ലാം സൗകര്യങ്ങൾ നൽകണമെന്നും വ്യക്തമാക്കുമോ ?

(ഡി) സംരംഭകരുടെ സാമ്പത്തിക ഭദ്രതയും നിലനിൽപും കണക്കിലെടുത്താണ് 3000 കുടുംബങ്ങൾക്ക് ഒരു അക്ഷയ കേന്ദ്രം അനുവദിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുള്ളത്. കേരളത്തിൽ നിലവിലുള്ള എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിന് വേണ്ടിയാണ് നാളിതുവരെ പുതിയ ലൊക്കേഷനുകൾ കണ്ടെത്തുകയോ പരിഗണിക്കുകയോ ചെയ്യാതിരുന്നത്. സർക്കാർ ഉത്തരവിൽ അനുവദിച്ചിട്ടുള്ള ലൊക്കേഷനുകളിൽ പ്രവർത്തിക്കാത്ത അക്ഷയ സെന്ററുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**സെക്ഷൻ ഓഫീസർ**